**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1171** **15-10-2026-ൽ മറുപടിയ്ക്ക്**

**പാറശ്ശാല ഇരട്ടക്കുളം ഹാപ്പിനസ് പാർക്ക് നിർമാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ഇരട്ടക്കുളം ഹാപ്പിനസ് പാർക്ക് നിർമ്മാണ പ്രവൃത്തിക്ക് സ.ഉ.(സാധാ )നം .1675/2025/പി.ഡബ്ല്യ.ഡി, തീയതി 04.11.2025 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് തെറ്റായതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് തിരുത്തുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിങ്സ് വിഭാഗം ചീഫ് എഞ്ചിനീയർ മുഖേന സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** പ്രസ്തുത പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് തിരുത്തുന്നതിനുള്ള പ്രൊപ്പോസൽ 14.10.2026 ലെ CEPW/16438/2026-DB2(PL)-BLനമ്പർ കത്ത് പ്രകാരം ചീഫ് എൻജിനീയർ (ബിൽഡിങ്സ്) സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതു E1/166/2026/PWD നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

**(സി)** ഹെഡ് ഓഫ് അക്കൗണ്ട് തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനും നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**